
# കേരളപാണിനീയം




കേരളപാണിനീയത്തിന്റെ ആദ്യപതിപ്പിറങ്ങിയത് 1917-ലാണ്. ഭാഷയുടെ നാഡീവ്യവസ്ഥ നിർണ്ണയിച്ച ഈ കൃതി മുറിഞ്ഞ അക്ഷരങ്ങളിലും അക്ഷരത്തെറ്റുകളിലും കുടുങ്ങി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ക്ലേശമായി മാറിയിട്ട് മൂന്നു ദശകത്തോളമായിരിക്കുന്നു. കേരളത്തിൽ പ്രചരിച്ച ഡി. റ്റി. പി. യും പരിഷ്കരിച്ച ലിപിയുമാണ് കേരളപാണിനീയത്തിന് വിനയായി മാറിയത്. ഒരു നൂറ്റാണ്ടു പിന്നിടുമ്പോൾ അതിന്റെ പ്രസാധനജീവിതത്തിലെ സുപ്രധാനമായൊരു ഘട്ടത്തിലേക്ക് കടക്കുകയാണ് — ‘സായാഹ്ന ഫൗണ്ടേഷൻ’ ടൈപ്പ്സെറ്റ് ചെയ്തിറക്കുന്ന കേരളപാണിനീയത്തിന്റെ പുതിയ പതിപ്പ് ആധുനിക ഭാഷാസാങ്കേതികത മലയാളിക്കു സമ്മാനിക്കുന്ന സുകൃതത്തിന്റെ നേർക്കാഴ്ചയായി മാറുന്നു.

ഫ്രീ സോഫ്റ്റ്‌വെയർ രംഗത്ത് പ്രശസ്തനായ സി. വി. രാധാകൃഷ്ണൻ (സി. വി. ആർ.) 2013-ലാണ് സായാഹ്ന ഫൗണ്ടേഷന് രൂപംകൊടുക്കുന്നത് (www.sayahna.org). പകർപ്പവകാശം കഴിഞ്ഞ മലയാളത്തിലെ ക്ലാസ്സിക് കൃതികളുടെ സ്വതന്ത്ര പ്രസാധനത്തിനായി ജന്മംകൊണ്ട വേദിയാണിത്. മലയാളത്തിന്റെ തനതുലിപിയിൽ ടൈപ്പ്സെറ്റ് ചെയ്ത നൂറോളം ഗ്രന്ഥങ്ങൾ ഇഷ്ടാനുസരണം ഡൗൺലോഡ് ചെയ്യത്തക്കവിധം സായാഹ്നയിൽ സൂക്ഷിച്ചിരിക്കുന്നു. ഉള്ളൂരിന്റെ സാഹിത്യചരിത്രം, ഏ. ആർ. ആറിന്റെ കേരളപാണിനീയവും വൃത്തമഞ്ജരിയുമുൾപ്പെടെ എല്ലാ കൃതികളും, കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ, എം. കൃഷ്ണൻ നായരുടെ സാഹിത്യവാരഫലം എന്നിങ്ങനെ അനേകം അമൂല്യ ഗ്രന്ഥങ്ങൾ ഈ ആർക്കൈവിലുണ്ട്. ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയുടെ ടൈപ്പ്സെറ്റിംഗിൽ വ്യാപൃതനാണ് അദ്ദേഹമിപ്പോൾ. (വിജ്ഞാനകൈരളി 48(12) ഡിസംബർ 2016, മലയാളം വാരിക 20(34) ജനവരി 16, 2017 എന്നീ ലക്കങ്ങളിൽ ഇദ്ദേഹത്തിന്റെ സ്വതന്ത്രസംരംഭങ്ങളെ വിശദീകരിച്ചിട്ടുണ്ട്.)

മലയാളത്തിലെ മറ്റു കൃതികൾക്കൊന്നുമില്ലാത്ത പ്രത്യേകതകൾ സായാഹ്നപതിപ്പുകൾക്കുണ്ട്. വിവരസാങ്കേതികതയിലെ ഏറ്റവും കിടയറ്റ ‘ലാടെക്ക്’ (LaTeX) പ്രോഗ്രാം ഉപയോഗിച്ചാണ് പുസ്തകങ്ങളെല്ലാം ടൈപ്പ്സെറ്റ് ചെയ്തിരിക്കുന്നത്. നൂറ്റാണ്ടുകൾ കഴിഞ്ഞാലും കേടുപറ്റാതെ പുനരുപയോഗിക്കാൻ കഴിയത്തക്ക വിധം പാഠത്തെ സംരക്ഷിച്ചു സൂക്ഷിക്കാൻ ഇത് പ്രാപ്തി നൽകുന്നു. ഏറ്റവും സങ്കീർണ്ണമായ എൽസേവിയറിന്റെ (Elsevier, Amsterdam) ഗണിത–ഊർജ്ജതന്ത്ര ജേർണലുകൾ ടൈപ്പ്സെറ്റ് ചെയ്യുന്നതിന്റെ ‘ടെക്കനുഭവങ്ങൾ’ ഇന്ത്യൻ ഭാഷകളിൽ ആദ്യമായി മലയാളത്തിലേക്കാനയിച്ചത് സി. വി. ആർ. ആണ്. കുറ്റമറ്റ സാങ്കേതികതയുടെ മികവും സൗന്ദര്യവും സായാഹ്നയിലെ എല്ലാ കൃതികളിലും കാണാൻ കഴിയും. കേരളപാണിനീയത്തിൽ ഇതേറ്റവും പ്രകടമാണ്. സ്വതന്ത്ര

മായി, ആർക്കും ഉപയോഗിക്കാവുന്ന, ആർക്കും പകർത്താവുന്ന ക്രിയേറ്റീവ് കോമൺസ് (Creative Commons) എന്ന പകർപ്പവകാശത്തിലാണ് സായാഹ്നപതിപ്പുകളെല്ലാം.

സായാഹ്ന ആദ്യമായി അച്ചടിക്കുന്ന കൃതിയാണ് കേരളപാണിനീയം. മികച്ച രീതിയിൽ അണിയിച്ചൊരുക്കി കുറഞ്ഞ വിലയ്ക്ക് വിദ്യാർത്ഥികൾക്ക് എത്തിക്കുകയെന്നതാണ് ഈ പ്രസാധനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ താളുകളിലൂടെ കണ്ണോടിക്കുമ്പോൾതന്നെ കേരളപാണിനീയം വർദ്ധിച്ച ഉത്സാഹത്തോടെ പഠിക്കാൻ വിദ്യാർത്ഥികൾ സന്നദ്ധരാകുമെന്ന് ഉറപ്പാണ്. ഉള്ളടക്കത്തിന്റെ തെളിമ ഇതോടൊപ്പമുള്ള പേജുകളിൽ വിലയിരുത്താനാകും.

മലയാളം ഐച്ഛികവിഷയമായെടുത്തു പഠിച്ച വിദ്യാർത്ഥികളെ ഇത്തരം ഗ്രന്ഥങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സന്നദ്ധരാക്കുക എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ട്. പഠനത്തോടും ഹൃദയത്തോടും ചേർന്നുനിൽക്കുന്ന കൃതികളുടെ മികച്ച പതിപ്പുകളുടെ പ്രചരണത്തിന് അവരാണ് സർവ്വഥാ യോഗ്യർ. വിറ്റുകിട്ടുന്നതിന്റെ നല്ലൊരു ഭാഗം വിദ്യാർത്ഥികൾക്ക് നൽകാനാണ് സായാഹ്നയുടെ തീരുമാനം.

സായാഹ്നയുടെ ഭാഷാസേവനങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 'മലയാളം ടെക്ക്' ടൈപ്പ്സെറ്റിംഗിനായി ശില്പശാലകൾ നടത്താനും ഇതോടൊപ്പം ഉദ്ദേശിക്കുന്നു. സ്വന്തമായി പുസ്തകങ്ങൾ മികവുറ്റ രീതിയിൽ മലയാളത്തിലൊരുക്കി സ്വയം പ്രസാധനം ചെയ്യാൻ അവർ പ്രാപ്തരാകട്ടെ. കേരളത്തിലെ പ്രസാധനരംഗത്ത് നിലനിൽക്കുന്ന പഴഞ്ചൻ സാങ്കേതികതയേയും അക്ഷരവൈകല്യങ്ങളേയും അനഭിലഷണീയമായ കച്ചവടതാല്പര്യങ്ങളേയും തിരുത്താൻ ഇത് ഇടയാക്കും. സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മയിലൂടെ മലയാളം പഠിക്കുന്ന കുട്ടികൾക്ക് മികച്ച സാങ്കേതിക പരിചയവും തൊഴിലവസരങ്ങളും സൃഷ്ടിച്ചെടുക്കാനുള്ള സംരംഭങ്ങളുടെ തുടക്കം കൂടിയാണിത്. മലയാളത്തിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സന്നദ്ധസംഘടനകളുമായും സായാഹ്ന കൂട്ടുചേരും.

പ്രൊ. വി. കെ. സുബൈദ, ഡോ. ജോയ് പോൾ എന്നിവരാണ് പ്രൂഫ് റീഡിംഗിന് നേതൃത്വം നൽകുന്നത്. മെയ് മദ്ധ്യത്തോടെ കേരളപാണിനീയത്തിന്റെ അച്ചടി പൂർത്തിയാകും. കഴിയുന്നത്ര വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ലൈബ്രറികളിലും സായാഹ്നപതിപ്പ് എത്തിക്കാൻ സുഹൃത്തുക്കൾ മുന്നോട്ടു വരണം. ഇതിന്റെ മാർക്കറ്റിംഗിനായി സമീപിക്കുന്ന മലയാളം വിദ്യാർത്ഥികൾക്ക് മുന്നോട്ടു പോകാനുള്ള നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകണം. കേരളത്തിലെ സുഹൃത്തുക്കളായ മലയാള അദ്ധ്യാപകരിലേക്ക് ഈ സന്ദേശം എത്തിക്കണം.

സ്നേഹപൂർവ്വം

ഹുസൈൻ, കെ. എച്ച്.
(hussain.rachana@gmail.com)

ഹേതു, സാഹിത്യം, ദ്വാരത എന്നീ അർത്ഥങ്ങളും ആവാം.[18]

(2) സംസ്കൃതത്തിലല്ലാതെദ്രാവിഡങ്ങളിൽ വികരണഭേദം,[19] പദഭേദം, (ആത്മനേപദ പരസ്മൈ പദങ്ങൾ), കർത്തരി, കർമ്മണി, ഭാവേ എന്ന പ്രയോഗഭേദം ഇതൊന്നും ഇല്ല. കാലപ്രകാരങ്ങൾക്ക് അവാന്തരഭേദങ്ങളും കുറയും. നിഷേധം, സമുച്ചയം, വികല്പം ഇതുകൾ ചെയ്യുന്ന സമ്പ്രദായം അത്യന്തഭിന്നമാണ്. പററുവിനകൾക്കും സംസ്കൃതത്തിലെ ആഖ്യാതങ്ങൾക്കും തമ്മിൽ വലുതായ അന്തരമുണ്ടു്. മുററുവിനകൾക്ക് (ആഖ്യാതകങ്ങൾക്ക്) സംസ്കൃതത്തിലില്ലാത്തതായ ലിംഗഭേദം ഒന്നു വിശേഷാൽ ഉണ്ടു്.

(3) വ്യപേക്ഷകസർവ്വനാമം ദ്രാവിഡങ്ങളിൽ ഇല്ല. അതിന്റെ പ്രവൃത്തി പേരെച്ചം നടത്തുന്നു. അലിംഗബഹുവചനം ദ്രാവിഡത്തിനുള്ള ഒരു വിശേഷമാണ്. അചേതനവാചികളായ നാമങ്ങൾക്കും അതുകളെ പരാമർശിക്കുന്ന സർവ്വനാമങ്ങൾക്കും ലിംഗഭേദമില്ലാത്തതും അതുപോലെതന്നെ. ഉദാഹരണം:

| സംസ്കൃതം | ദ്രാവിഡം |
|---|---|
| സിംഹഃ സിംഹീ | ആൺസിംഹം പെൺസിംഹം |

നപുംസകനാമങ്ങൾക്കു ബഹുവചനം വേണ്ട; സംഖ്യാവിശേഷണം ചേർത്താൽ പ്രയോഗിക്കരുതെന്നുകൂടിയുണ്ട്: പത്തു രൂപാ, എട്ടു പശു.

(4) ഭേദകങ്ങൾക്കു ദ്രാവിഡത്തിൽ ലിംഗവചനവിഭക്തികൾക്കു പൊരുത്തം ഇല്ല.[20] പടു-പടീയസ്-പടിഷ്ഠ എന്ന മട്ടിലുള്ള അതിശായനരൂപവും ദ്രാവിഡഭാഷകളിൽ ഇല്ല.

(5) [21]ദ്രാവിഡഭാഷകളുടെ സ്ഥിതി 'സംശ്ലിഷ്ടകക്ഷ്യ'യിലും സംസ്കൃതത്തിന്റെ സ്ഥിതി

---

[18] വിഭക്തിപ്രകരണം നോക്കുക.

[19] ധാതുവിനോട്ട് കാലം, പ്രകാരം ഇവയെ കുറിക്കുന്ന പ്രത്യങ്ങൾ ചേരുമ്പോൾ ധാതുവിനോടു ചേർന്ന് അതിനു വികാരമുണ്ടാക്കുന്ന പ്രത്യയങ്ങളാണ്. വികരണപ്രത്യയങ്ങൾ. ഉദാ: ഭൂ + തി > ഭൂ + അ + തി > ഭവതി. ഇവിടത്തെ 'അ' വികരണപ്രത്യയമാണ്. ഉ, നാ തുടങ്ങി വേറെയും ഇത്തരം പ്രത്യയങ്ങളുണ്ട്.

[20] കേരളപാണിനി വിഭാവകം എന്നു പറയുന്ന ഭേദകത്തിനു ലിംഗവചനപ്പൊരുത്തം പലേടത്തും ദീക്ഷിക്കാറുണ്ട്. ഉദാ: സമർത്ഥയായ സ്ത്രീ, സമർത്ഥനായ പുരുഷൻ, സമർത്ഥരായ മനുഷ്യർ.

[21] ഭാഷയെ സംസാരിക്കുന്ന ജനങ്ങൾക്കുള്ളതുപോലെ ജനനം, മരണം മുതലായ ചില ജന്തുധർമ്മങ്ങൾ ഭാഷയ്ക്കുമുള്ളതായി ഉപചാരേണ വ്യവഹരിക്കാം. ഒരു ജനസമുദായം ഏതുവരെ ഒരു ഭാഷയെ പരമ്പരയായി സംസാരിച്ചുവരുന്നുവോ അതുവരെ ആ ഭാഷ ജീവിച്ചിരിക്കുന്നു. നമ്മുടെ മലയാളം, ഇംഗ്ലീഷ്, മഹാരാഷ്ട്രം, തമിഴ് മുതലായവയൊക്കെ ജീവത്ഭാഷകൾതന്നെ. സംസ്കൃതം, ലാറ്റിൻ, പെർഷ്യൻ (പാരസീകം) മുതലായി ഇപ്പോൾ സംസാരിച്ചുവരാത്ത ഭാഷകൾ മൃതഭാഷകൾക്കുദാഹരണമായിത്തീരുന്നു. ഭാഷയ്ക്ക് ഗോത്രം (തറവാട്ട്) ഉള്ളതിനാലാണ് മലയാളം ദ്രാവിഡഗോത്രത്തിൽ ജനിച്ചതാണെന്ന് നാം വ്യവഹരിക്കുന്നത്. ശൈശവം, കൗമാരം, യൗവനം, വാർദ്ധക്യം എന്നു മനുഷ്യനു നാലവസ്ഥകളുള്ളതിനും എതിര് ഭാഷയിൽ കാണുന്നുണ്ട്. എന്നാൽ ഇതിൽ സ്വല്പം വ്യത്യാസവും ഉണ്ടു്. മനുഷ്യൻ ജീവിച്ചിരിക്കുന്നപക്ഷം ഈ അവസ്ഥകൾ ക്രമേണ അനുഭവിച്ചേ തീരൂ എന്നു നിർബ്ബന്ധമുണ്ടു്. ഭാഷയ്ക്ക് ഈ നിർബ്ബന്ധമില്ലെന്നു മാത്രമല്ല, അവസ്ഥകൾക്ക് ഒരു കാലവ്യവസ്ഥയും ഇല്ല. ഒരു ഭാഷ എന്നെന്നേക്കും ബാല്യദശയിൽത്തന്നെ ഇരുന്നുവെന്നുവരുന്നതും മറ്റൊരു ഭാഷ യൗവനദശയിൽത്തന്നെ ജനിച്ചുവെന്നുവരുന്നതും ഒട്ടും അസാധാരണമല്ല. സൗകര്യമുള്ളപക്ഷം ഭാഷ ഈ അവസ്ഥകളെ മുറയ്ക്കു പ്രാപിക്കുമെന്നേ പറയുവാൻ പാടുള്ളൂ.

## 1.1 അനുനാസികാതിപ്രസരം:

അനുനാസികവർണ്ണം തനിക്ക് അടുത്തു പിന്നാലേ വരുന്ന വർണ്ണം ഖരമാണെങ്കിൽ അതിനെക്കൂടി കടന്നുകയറി ആക്രമിച്ച് അനുനാസികമാക്കിത്തീർക്കും; അനുനാസികം മുൻപും ഖരം പിൻപും ആയി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലംചെയ്യും; ഖരത്തിന്റെ ഉച്ചാരണം വേർതിരിച്ചു കേൾക്കാതെ ആകും. അതിനാൽ,

ങ്ക = ങ്ങ; ഞ്ച = ഞ്ഞ;[34] ന്ത = ന്ന; മ്പ = മ്മ; ൻറ = ന്ന.

ഉദാഹരണം:

| | | | | | |
|---|---|---|---|---|---|
| നിങ്കൾ | = | നിങ്ങൾ | വന്താൻ | = | വന്നാൻ |
| നെഞ്ച് | = | നെഞ്ഞ് | തിരുമ്പുക | = | തിരുമ്മുക |
| തിന്താൻ | = | തിന്നാൻ | പഞ്ചി | = | പഞ്ഞി |
| ചിമ്പുക | = | ചിമ്മുക | ചെൻറാൻ | = | ചെന്നാൻ |
| മാങ്കായ് | = | മാങ്ങാ | ഒൻറു | = | ഒന്ന് |
| പഞ്ചം | = | പഞ്ഞം | കൻറു | = | കന്ന്. |

ഖരവർണ്ണം ഒരു പ്രത്യയത്തിന്റെ ആദ്യക്ഷരമായി വരുന്നിടത്തെല്ലാം ഈ നിയമം സാർവ്വത്രികമായിക്കാണും. അങ്ങനെയുള്ള പ്രത്യയങ്ങൾ രണ്ടെണ്ണം ഉണ്ട്—'തു' എന്ന ഭൂതകാലചിഹ്നം, 'കൾ' എന്ന ബഹുവചനം; മറ്റുള്ളിടത്ത് ഈ നിയമം ചിലപ്പോൾ പ്രവർത്തിക്കുമെന്നേ ഉള്ളൂ.[35] അനുനാസികത്തിന് അടുത്തുവരുന്ന വർണ്ണത്തേക്കൂടി തന്നിൽ ലയിപ്പിച്ച് സാത്രപ്യം കൊടുക്കത്തക്ക ഒരു പ്രഭാവശക്തി മലയാളത്തിൽ കടന്നുകൂടുകയാൽ അത് മലയാളികളുടെ സംസ്കൃതോച്ചാരണത്തേയും ബാധിക്കാറുണ്ട്. സംസ്കൃതത്തിലാകുമ്പോൾ ഖരത്തെക്കാളധികം മൃദുവിനാണ് ഈ മാറ്റം സംഭവിക്കുക:

| | | | | | |
|---|---|---|---|---|---|
| മങ്ഗലം | — | മങ്ങലം; | അഞ്ജനം | — | അഞ്ഞനം; |
| മണ്ഡപം | — | മണ്ണപം; | ചന്ദനം | — | ചന്നനം; |
| അമ്ബാ | — | അമ്മ.[36] | | | |

എന്നാൽ തദ്ഭവങ്ങളിലല്ലാതെ തത്സമങ്ങളിൽ അനുനാസികാതിപ്രസരം എഴുതുമ്പോൾ ചെയ്യാറില്ല.

## 1.2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം:

തവർഗ്ഗം എന്നു പറഞ്ഞാൽ തമിഴക്ഷരമാലപ്രകാരം 'ത', 'ന' എന്ന് രണ്ടു വർണ്ണങ്ങളേ ഉള്ളല്ലോ. ഇവയെ യഥായോഗം കൂട്ടിച്ചേർത്താൽ 'ത്ത', 'ന്ന', 'ന്ത' എന്ന മൂന്നു കൂട്ടക്ഷരം കൂടിയു

[34] ടവർഗ്ഗത്തിനുമാത്രം ഈ മാറ്റം ഇല്ല. 'ണ്ട' എന്നത് 'ണ്ണ' എന്ന് ആകുകയില്ല.

[35] തൊങ്കുക, ഉഞ്ചം, തന്ത, ചെമ്പ്, നിന്റെ മുതലായവയിൽ അനുനാസികാതിപ്രസരമില്ലെന്ന് അർത്ഥം. 'കൾ' പ്രത്യയം ചേർന്നാലും അനുനാസികാതിപ്രസരം വരാത്ത 'താങ്കൾ' മുതലായ രൂപങ്ങളുണ്ട്.

[36] 'അമ്മ'യാണ് 'അമ്ബ' ആയതെന്നും ഒരുപക്ഷമുണ്ട്.

'ഉടയ' എന്ന ഷഷ്ഠീവിഭക്തിചിഹ്നത്തെ ആദ്യം അന്തലോപംചെയ്തു 'ഉടെ' എന്നാക്കി; ആദിലോപവുംകൂടി ചെയ്തു 'ടെ = ൦൳' എന്നാക്കിത്തീർത്തതു കാലക്രമത്തിലായിരിക്കാം. 'ടെ' എന്ന അതിസങ്കോചിതരൂപം 'ൻ' മുൻപിൽ ഉള്ളിടത്തു മാത്രമേ സർവ്വസമ്മതമായിത്തീർന്നുള്ളൂ. 'അവന്റെ' 'നാത്തുൻെറ' എന്ന രൂപങ്ങൾപോലെ 'കുട്ടീടെ' എന്ന സങ്കോചരൂപം ഗ്രന്ഥഭാഷയിൽ ഉപയോഗിക്കാറില്ല. 'ക്കു്' എന്ന ചതുർത്ഥിയുടെ ഇരട്ടിച്ച കകാരം ലോപിപ്പിച്ചത് 'അവനുക്കു്', 'വീട്ടുക്കു്'[75] ഇത്യാദി രൂപങ്ങളിൽ സംവൃതോകാരത്തിനു പിൻപു് വ്യഞ്ജനം വരുമ്പോൾ ഉണ്ടാകുന്ന ദുശ്ശ്രവതനിമിത്തമായിരിക്കാം. 'അവൾ-ക്കു്', 'അവർ-ക്കു്' ഇത്യാദിപോലെ ഇരട്ടിച്ച കകാരം യോജിക്കുന്നിടത്തു ലോപംചെയ്യാറുമില്ല. സംവൃതത്തെ കഴിയുന്നതും ലേശാക്കി (?) ഉച്ചരിക്കണമെന്നാണ് മലയാളത്തിന്റെ പോക്കു്.

b) വേണ്ടും > വേണ്ണം > വേണം > ഏണം > എണം > അണം. 'ചെയ്യവേണ്ടും' എന്നിരുന്നതു് ഈ വിധത്തിൽ 'ചെയ്യണം' എന്നായിച്ചമഞ്ഞു. ഇതുപോലെതന്നെ 'ആകും > ആം'

ഉദാ: ചെയ്യ ആകും > ചെയ്യാം.

ഇക്കാണിച്ച ആറു നയങ്ങൾമൂലം ഉണ്ടായിട്ടുള്ള വികാരങ്ങൾക്കു പുറമേ സംസ്കൃതത്തിലെ അക്ഷരമാല സ്വീകരിച്ചതുമുതൽ മലയാളത്തിനു പലവിധത്തിലും വേഷഭേദങ്ങൾ ഏർപ്പെട്ടുണ്ടു്. എങ്ങനെ എന്നാൽ,

| | | | | |
|---|---|---|---|---|
| (1) | തിരുക്കാൽ | = | തൃക്കാൽ | ഋകാരസ്വീകാരം |
| | എതിർവശം | = | എതൃവശം | |
| | അതിർത്തി | = | അതൃത്തി | |
| (2) | നണയുന്നു | = | നനയുന്നു | നകാരനകാരങ്ങൾക്കു ലിപിഭേദമില്ലായ്ക |
| | എണ്ണോടു | = | എന്നോടു | |
| | അണ്യായം | = | അന്യായം | |
| (3) | ഗ്റന്ഥം | = | ഗ്രന്ഥം | രേഫറകാരങ്ങളെ ഒരേ ചിഹ്നംകൊണ്ടു കുറിക്കുക |
| | പ്റകാരം | = | പ്രകാരം | |
| | മര്യാദ | = | മര്യാദ | |
| | മറ്കടം | = | മർക്കടം | |
| (4) | ഇടമ് | = | ഇടം | മകാരത്തിന്റെ സ്ഥാനത്ത് അനുസ്വാരം |
| | ധനമ് | = | ധനം | |
| (5) | പാല് | = | പാൽ | ലകാരചില്ലിനു പകരം തകാരചില്ലു് |
| | മരത്തില് | = | മരത്തിൽ | |

[75] ഇത്തരം രൂപങ്ങൾ പ്രാചീനമലയാളശാസനങ്ങളിലും മറ്റും കാണുന്നുണ്ടു്.

| | | | | | |
|---|---|---|---|---|---|
| 1. | എൻ | ഉത്തമസർവ്വനാമം | 12. | ചില | നാനാസർവ്വനാമം |
| 2. | നിൻ | മധ്യമസർവ്വനാമം | 13. | പല | |
| 3. | അ | ചുട്ടെഴുത്ത് അല്ലെങ്കിൽ വിവേചകസർവ്വനാമം | 14. | ഇന്ന | — നിർദ്ദിഷ്ടവാചി |
| 4. | ഇ | | 15. | എല്ലാ | — സർവ്വവാചി[1] |
| 5. | (ഉ) | | 16. | തൻ | — സ്വവാചി |
| 6. | (ഒരു) | | | | |
| 7. | എ | വ്യപേക്ഷകം[2] | 17. | മിക്ക | — അംശവാചി |
| 8. | യാ | | | | |
| 9. | ഏ | ചോദ്യസർവ്വനാമം | 18. | മറ്റ് | — അന്യാർത്ഥകം |
| 10. | ആർ | | | | |
| 11. | എന്ത് | | 19. | വല്ല | — അനാസ്ഥാവാചി |

ഇനി കൃതികളുടെ വിഭാഗരീതി കാണിക്കാം — ഏതെങ്കിലും ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നു എന്നോ ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ കുറിക്കുന്ന ക്രിയാപദമാണല്ലോ കൃതി.

(1) ഇതിൽ ഒരു വസ്തു ഒരു സ്ഥിതിയിലിരിക്കുന്നുവെന്നുള്ള ക്രിയയ്ക്കു് കർമ്മം ഇല്ലാത്തതിനാൽ ആവക കൃതികളെല്ലാം അകർമ്മകങ്ങൾ. അതിനാൽ ഉറങ്ങുക, കുളിക്കുക, നില്ക്കുക മുതലായവ അകർമ്മങ്ങൾ. ഒന്ന് ഒരു പ്രവൃത്തിയെ ചെയ്യുന്നു എന്നുള്ള ക്രിയയ്ക്കു് കർമ്മമുള്ളതിനാൽ ആവക കൃതികൾ സകർമ്മകങ്ങൾ. അതിനാൽ ഉണ്ണുക, കുടിക്കുക, അടിക്കുക മുതലായവ സകർമ്മകക്രിയകളാകുന്നു. ഇങ്ങനെ അർത്ഥം പ്രമാണിച്ച് സകർമ്മകം, അകർമ്മകം എന്നൊരു വക വിഭാഗം.

(2) ഓടുക, ഓടിക്ക; നില്ക്ക, നിറുത്തുക; കാണുക, കാണിക്ക; തിന്നുക, തീറ്റുക എന്ന മട്ടിൽ എല്ലാ കൃതികൾക്കും രണ്ടുമാതിരി രൂപങ്ങൾ കാണുന്നുണ്ട്. അതിൽ പരപ്രേരണകൂടാതെ കർത്താവ് തനിയേ ക്രിയചെയ്യുന്ന ഇടങ്ങളിൽ ആദ്യത്തെമാതിരി രൂപങ്ങളെ ഉപയോഗിക്കുന്നു. കർത്താവ്, മറ്റൊരു നിർബ്ബന്ധപ്രകാരം ക്രിയചെയ്യുന്നിടത്തു രണ്ടാമത്തെമാതിരി രൂപങ്ങൾ വരുന്നു. അതിൽ ഓടുക, നില്ക്ക മുതലായ വെറുംകൃതികൾ കേവലപ്രകൃതികൾ; ഓടിക്ക, നിറുത്തുക, മുതലായ പ്രേരണാർത്ഥംകൂടിയുള്ളവ പ്രയോജകപ്രകൃതികൾ. ഇങ്ങനെ പ്രകൃതി പ്രമാണിച്ച് "കേവലം" എന്നും" പ്രയോജകം" എന്നും രണ്ടാമത്തെ വിഭാഗം.

(3) ഇനി ചില കൃതികൾ അർത്ഥം നോക്കുന്നതായാൽ കേവല പ്രകൃതിതന്നെ എന്നും രൂപം നോക്കുന്നതായാൽ പ്രയോജകപ്രകൃതി എന്നും തോന്നുന്നവയായിട്ടുണ്ട്. പ്രയോജക

[1] 52-ആം കാരികയുടെ വ്യാഖ്യാനം കഴിഞ്ഞുള്ള "ചുട്ടെഴുത്തുകൾ" എന്ന ഖണ്ഡികയുടെ അവസാനം നോക്കുക.
[2] "ഒക്ക" എന്നൊരു സർവ്വനാമംകൂടി മുകളിൽ നിർദ്ദേശിച്ചിട്ടുണ്ടല്ലോ.

| വിഭക്തി | പ്രത്യയം | മലയാള ഉദാഹരണം | സംസ്കൃത ഉദാഹരണം |
|---|---|---|---|
| ദ്വിതീയ — | എ | അതിനെ | തം |
| | ഓട്ട് | അതിനോട്ട് | |
| തൃതീയ — | ഹേതു | അതു ഹേതുവായി | തേന |
| | ആയി | അതായി | |
| | കൊണ്ട് | അതുകൊണ്ട് | |
| | ആൽ | അതിനാൽ | |
| | ഓട്ട് | അതിനോട്ട് | |
| | ഉടെ | അതിലൂടെ | |
| ചതുർത്ഥി — | ആയിക്കൊണ്ട് | അതിനായിക്കൊണ്ട് | തസ്മൈ |
| പഞ്ചമി — | ഇൽനിന്ന് | അതിൽനിന്ന് | തസ്മാത് |
| | കൽനിന്ന് | അതിങ്കൽനിന്ന് | |
| | ഇൻപോക്കെ | അതിൻപോക്കെ | |
| | കാൾ | അതിനെക്കാൾ | |
| | ഹേതുവായിട്ട് | അതു ഹേതുവായിട്ട് | |
| ഷഷ്ഠി — | ക്ക്–ഉ് | അതിന് | തസ്യ |
| | ഉടെ–ടെ | അതിനുടെ–അതിന്റെ | |
| | ഇൽവെച്ച് | അതിൽവെച്ച് | |
| സപ്തമി — | ഇൽവെച്ച് | അതിൽവെച്ച് | തസ്മിൻ |
| | ഇൽ | അതിൽ | |
| | ഇങ്കൽ | അതിങ്കൽ | |
| | വിഷയമായി | അതു വിഷയമായി | |

എന്നീ വിധമാകുന്നു. സംസ്കൃതത്തിൽ ഒരേ രൂപത്തിനു പല അർത്ഥങ്ങളായിരിക്കെ ഭാഷയിൽ ഓരോ അർത്ഥത്തിനും രൂപഭേദമുണ്ടെന്ന് ഈ പട്ടികകൊണ്ടു വ്യക്തമാകുന്നു. ഉദാഹരണത്തിന് തൃതീയയെ എടുത്തു നോക്കുക. "തേന" എന്ന സംസ്കൃതരൂപത്തിന്,

| | | | |
|---|---|---|---|
| 1. | അതു ഹേതുവായിട്ട് | എന്നു ഹേതു | Casuality |
| 2. | അതായി | എന്നു അഭേദം | Identity |
| 3. | അതുകൊണ്ട് | എന്നു കാരണം | Instrumentality |
| 4. | അതിനാൽ | എന്നു കർത്താ | Agency |
| 5. | അതിനോട്ട് | എന്നു സാഹിത്യം | Sociality |
| 6. | അതിലൂടെ | എന്നു ദ്വാരത | The sense of through |

ഇങ്ങനെ ആറ് അർത്ഥങ്ങൾ ഉണ്ട്. ഭാഷയിൽ ഈ ഓരോ അർത്ഥത്തെയും കാണിക്കുന്നതിന് ഓരോ രൂപവും വെവ്വേറെ ഉണ്ട്. ഈ സ്ഥിതിക്ക് ഈ ആറ് അർത്ഥങ്ങളെയും ചേർ

അപ്രധാനമായി നില്ക്കുന്നു. “ബ്രഹ്മാവ് കൊടുത്ത വരം” എന്നതു് വാസ്തവത്തിൽ ബ്രഹ്മാവ് ഏതിനെ കൊടുത്തു ആ വരം എന്നതിനു സമാനമാകയാൽ “കൊടുക്കുക” ഇവിടെ സാധ്യ ക്രിയ തന്നെ. പക്ഷേ, അതു് “വരം” എന്ന നാമത്തിനു കീഴ്പ്പെട്ടുപോയി. ക്രിയയ്ക്കു പൂർത്തി വരുന്നതു് അംഗിസാദ്ധ്യക്രിയയിലാകയാൽ[3] ആയതിനെ കുറിക്കുന്ന ധാതുരൂപത്തിന് “കരോതി” എന്നു സംജ്ഞ ചെയ്തിരിക്കുന്നു; അംഗസാധ്യക്രിയയെ കുറിക്കുന്നവയെ “കുർവ്വത്തുകൾ” എന്നു വിളിക്കുന്നു. ക്രിയയുടെ വിഭാഗങ്ങളും തദനുസാരേണ ഒരു ക്രിയയെ കുറിക്കുന്ന ധാതുരൂപങ്ങൾക്കു വരുന്ന വിഭാഗങ്ങളും താഴെ ചേർക്കുന്ന പട്ടികകളിൽ വിവരിച്ചിരിക്കുന്നു.

ക്രിയ

- 1. സാദ്ധ്യം
  - 1. അംഗി
  - 2. അംഗം
- 2. സിദ്ധം

ധാതുരൂപം

- 1. സാദ്ധ്യപരം = ക്രിയാപദം
  - 1. ആഖ്യാതം അല്ലെങ്കിൽ കരോതി (മുറ്റുവിന)
    - 1. വർത്തമാനം (നടു മുറ്റുവിന)
    - 2. ഭൂതം (മുൻ മുറ്റുവിന)
    - 3. ഭാവി (പിൻ മുറ്റുവിന)
  - 2. ആഖ്യാതകം അല്ലെങ്കിൽ കുർവ്വത്തു് (പറ്റുവിന)
    - 1. നാമാംഗം (പേരെച്ചം)
      - വർത്തമാനം
      - ഭൂതം
      - ഭാവി
    - 2. ക്രിയാംഗം (വിനയെച്ചം)
      - 1. പൗർവ്വകാലികം (മുൻവിന)
      - 2. അനവച്ഛേദകം (നടുവിന)
      - 3. താദർത്ഥികം (പിൻവിന)
- 2. സിദ്ധപരം = കൃത്തു്
  - 1. കാരകകൃത്തു്
  - 2. കൃതികൃത്തു്

ഇതിൽ സാധ്യക്രിയയുടെ അംഗിപക്ഷത്തെ കുറിക്കുന്ന ക്രിയാപദങ്ങളെപ്പറ്റിയായിരുന്നു ഇതേവരെ പ്രസ്താവിച്ചുവന്നതു്. ഇനി അതിന്റെ തന്നെ അംഗപക്ഷത്തെ കുറിക്കുന്ന കുർവ്വത്തുകളെ എടുക്കുന്നു. ക്രിയ അംഗമായി ചമയുന്നതു് നാമത്തിന്റെയോ മറ്റൊരു ക്രിയയുടെതന്നെയോ ആകാം. നാമത്തിന്റെ അംഗമായതു് നാമാംഗം അല്ലെങ്കിൽ പേരെച്ചം. ക്രിയയുടെ അംഗമായതു് ക്രിയാംഗം അല്ലെങ്കിൽ വിനയെച്ചം.

141. പേരിന്നു കീഴടങ്ങുന്ന
വിന പേരെച്ചമായതു്;
വിനയ്ക്കു കിഴടങ്ങുന്ന

[3] അംഗിസാധ്യക്രിയ = അംഗിയായ സാധ്യക്രിയ.